| NAME | | ROLL NO. | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## HALF YEARLY EXAMINATION 2022 – 23
## SUBJECT – MALAYALAM

Code: MYMA04

CLASS 7

Time Allotted: 2 ½ hrs

29 .09.2022

Max .Marks: 80

General Instructions.

1. All the questions are **compulsory.**
2. All the answers should be written in the **answer sheet** provided only.

**Marks**

**I. ബ്രാക്കറ്റിൽനിന്നും ശരിയായ അർഥം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. നാകം – (പാമ്പ്, സ്വർഗം, ഭംഗി, ഭൂമി)
2. മടുപ്പ് – (വിരസത, അലസത, രസിക്കുക, താമസിക്കുക)
3. നിമിത്തം – (ഇരുട്ട്, സുരക്ഷിതം, കാരണം, വെളിച്ചം)
4. കൂര – (മാളിക, കൊട്ടാരം, ചെറിയ വീട്, വലിയ വീട്)

**II. പര്യായം എഴുതുക** **3x1=3**

1. ശബ്ദം
2. ഭയം
3. മുടി

**III. ബ്രാക്കറ്റിൽനിന്നും ശരിയായ വിപരീതപദം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. പൊന്തുന്നു X (ഉണരുന്നു, ഉയരുന്നു, താഴുന്നു, അടിയുന്നു)
2. വ്യവസ്ഥ X (വിവ്യവസ്ഥ, അവ്യവസ്ഥ, സവ്യവസ്ഥ, നിവ്യവസ്ഥ)
3. ദൂരത്ത് X (വിദൂരത്ത്, അകത്ത്, അകലത്ത്, ചാരത്ത്)
4. ശുദ്ധം X (അശുദ്ധി, വിശുദ്ധി, ശുദ്ധ, അശുദ്ധം)

**IV. ഒറ്റപ്പദം എഴുതുക** **4x1=4**

1. മത്സരിക്കുന്ന ആൾ
2. ക്ഷമയില്ലാത്തവൻ

3. മരം മുറിക്കുന്നവർ

4. രാജ്യത്തെ ഭരിക്കുന്നത്

**V. അർഥവ്യത്യാസം എഴുതുക** **4x1=4**

1. പാദം – പാതം
2. വക്ക് – വാക്ക്
3. തൈ – പൈ
4. തുണ്ടം – കണ്ടം

**VI. ബ്രാക്കറ്റിൽനിന്നും ശരിയായ എതിർലിംഗം തെരെഞ്ഞെടുത്തെഴുതുക** **4x1=4**

1. പുത്രി – (പുത്ര, പൗത്രി, മകൻ, പുത്രൻ)
2. തമിഴൻ – (തമഴി, തമിഴത്തി, തമിഴ, തമിഴി)
3. മഹർഷി – (മഹർഷിണി, മഹർഷിനി, മഹിഷി, മഹർഷ)
4. ബുദ്ധിമാൻ – (ബുദ്ധിമാനി, ബുദ്ധിമത, ബുദ്ധിമതി, ബുദ്ധ)

**VII. ശരിയായ പദം കണ്ടെത്തി എഴുതുക** **5x1=5**

1. വിഡ്ഡി, വിഢ്ഡി, വിഢ്ഢി, വിഡ്ഢി
2. വസന്ദം, വസന്തം, വസന്ധം, വസന്ഥം
3. സമർത്ഥം, സമർതം, സമർഥം, സമൃഥം
4. ശോശിച്ച, ശോഷിച്ച, ഷോശിച്ച, ഷോഷിച്ച
5. പാരിതോഷികം, പാരിദോഷികം, പാരിധോഷികം, പാരിതോശികം

**VIII. നാനാർഥം എഴുതുക** **4x1=4**

1. 1. അന്തി 2. തല

3. 3. വർണം 4. കനി

**IX. വിഗ്രഹിച്ചെഴുതുക** **4x1=4**

1. ഭാര്യാപിതാവ് 2. അരണ്ടവെളിച്ചം

3. കുളിർക്കാറ്റ് 4. വർണക്കടലാസ്

**X.** **പിരിച്ചെഴുതുക** **5x1=5**

1. കൂടാർന്ന
2. ദിവസങ്ങളോളം
3. കയറിയിറങ്ങി
4. പൊതിച്ചോറ്
5. ബന്ധമില്ലാതെ

**XI.** **ചേർത്തെഴുതുക** **4x1=4**

1. ഒരു + ആശയം
2. തീപ്പെട്ടി + കമ്പനി
3. പേടി + ഉണ്ട്
4. ചുവട്ടിൽ + ആയിരുന്നു

**XII.** **വാക്യത്തിൽ പ്രയോഗിക്കുക** **2x2=4**

1. പകലന്തിയോളം
2. തലയിലേറ്റുക

**XIII.** **കൂട്ടത്തിൽ ചേരാത്ത പദം കണ്ടെത്തി എഴുതുക** **2x1=2**

1. മുഖം, സ്മേരം, ആസ്യം, വദനം
2. രാജാവ്, അരചൻ, നരൻ, നൃപൻ

**XIV.** **ചേരുംപടി ചേർക്കുക** **5x1=5**

1. പൂക്കാലം – a) ടി. പത്മനാഭൻ
2. രാജാവിനെ തോൽപ്പിച്ച ബുദ്ധി – b) ബട്ടർഫ്ലൈ
3. ജൂലിയ – c ) കുമാരനാശാൻ
4. അശ്വതി – d) വാദ്യങ്ങൾ
5. ദേവാലയം – e ) മനു മണർക്കാട്

**XV.** **പകരം പദം എഴുതുക** **2x1=2**

1. കള്ളം പറഞ്ഞത് അമ്മ കണ്ടുപിടിച്ചപ്പോൾ രാജുവിന് ജാള്യം തോന്നി. ‘ജാള്യം’ എന്ന വാക്കിന്റെ മറ്റൊരു പദം ഏത്?

(അഭിമാനം. ദേഷ്യം, നാണക്കേട്, സന്തോഷം)

2. നീതു സ്കൂളിലേക്ക് പോയപ്പോൾ പൊടുന്നനെ മഴ പെയ്തു. 'പൊടുന്നനെ' എന്ന വാക്കിന്റെ മറ്റൊരു പദം എന്ത്?

(സാവധാനം, ഇടയ്ക്ക്, പെട്ടെന്ന്, രാവിലെ)

**XVI. ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5x1=5**

1. ടി. പത്മനാഭന് കേന്ദ്രസാഹിത്യ അക്കാദമി അവർഡ് നേടിക്കൊടുത്ത കൃതി ഏത്?
2. കാട് ഏത് പോലെയാണ് ചുവന്നുനിന്നത്?
3. "മുട്ടായിക്കൊക്കെ ഇപ്പോൾ തീവിലയല്ലേ" – ഇതാരുടെ വാക്കുകൾ?
4. പഴയകാലത്ത് നാട്ടുകൂട്ടങ്ങൾ നടന്നിരുന്നത് എവിടെവെച്ചാണ്?
5. തത്തകൾ നെൽക്കതിർ കൊത്തിയെടുത്ത് എങ്ങോട്ടാണ് പറന്നുപോകുന്നത്?

**XVII. പിരിച്ചെഴുതി സന്ധി നിർണയിക്കുക** **2x1=2**

1. പഴകിയിരുന്നു
2. പച്ചപ്പുല്ല്

**XVIII. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം കണ്ടെത്തി എഴുതുക** **4x1=4**

1. "ഇവിടെ അൻപത്പൈസയിൽ കുറഞ്ഞ മിഠായി ഇല്ലേ" – ഇതാരുടെ വാക്കുകളാണ്?

   (അശ്വതിയുടെ, കഥാനായകന്റെ, സാധനങ്ങൾ വാങ്ങാൻ വന്നവരുടെ, തൊഴിലാളി സ്ത്രീയുടെ)

2. എല്ലായിടത്തും പുഷ്പഗന്ധം പരത്തുന്നത് ആരാണ്?

   (കോകിലം, അശോകം, തേന്മാവ്, വായു)

3. "ഇനി എത്രകാലം ഈ കിളികളിങ്ങനെ ധാന്യമണി കൊത്തിക്കൊണ്ടുപോകും"– ആരുടെ വാക്കുകൾ?

   (രാജാവിന്റെ, അപരിചിതന്റെ, മന്ത്രിയുടെ, യുവാവിന്റെ)

4. വർഷങ്ങൾ പഴക്കമുള്ള മരമുത്തശ്ശിയുടെ പേര് എന്താണ്?

   (ലൂനി, ലൂന, ലാനി, ലീനി)

**XIX. ഉത്തരമെഴുതുക** **2x3=6**

1. കഥപറയാനായി കൊട്ടാരത്തിലേക്ക് വന്നവരോട് രാജാവ് മുൻപോട്ടുവച്ച വ്യവസ്ഥ എന്തായിരുന്നു?

2. ഗുരുകുലവിദ്യാഭ്യാസം പ്രകൃതിയുമായി ഇഴുകിച്ചേർന്നത് എപ്രകാരമായിരുന്നു?

**XX. ഖണ്ഡിക വായിച്ച് താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?** **5x1=5**

കേരളത്തിലെ പഴയ ഒരു കലാരൂപമാണ് കൂത്ത്. ചാക്യാന്മാരാണ് കൂത്ത് അവതരിപ്പിക്കുന്നത്. അതുകൊണ്ട് ചാക്യാർകൂത്ത് എന്നും ഇതിന് പേരുണ്ട്. ഇതൊരു ക്ഷേത്രകലയാണ്. മിഴാവ്, കൈമണി എന്നിവയാണ് ചാക്യാർകൂത്തിനുപയോഗിക്കുന്ന വാദ്യങ്ങൾ. മിഴാവ് കൊട്ടുന്നത് നമ്പ്യാരും കൈമണി കൊട്ടുന്നത് നങ്ങ്യാരുമാണ്. വിദൂഷകൻെറ വേഷമാണ് കൂത്തിൽ ചാക്യാർക്കുള്ളത്. ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിലാണ് ഇത് അരങ്ങേറുന്നത്. ഫലിതവും സാമൂഹ്യവിമർശനവും ഈ കലാരൂപത്തിലുടനീളം കാണാം. കാണുന്നവരിൽ പുരാണകഥകളെക്കുറിച്ച് അറിവുണ്ടാക്കുക, സാമൂഹ്യ നന്മ വളർത്തുക എന്നിവയാണ് ഇതിൻെറ ലക്ഷ്യങ്ങൾ.

1. കൂത്തിനുപയോഗിക്കുന്ന വാദ്യങ്ങൾ എന്തെല്ലാം?
2. കൈമണി കൊട്ടുന്നതാരാണ്?
3. കൂത്ത് അവതരിപ്പിക്കുന്നതാരാണ്?
4. കൂത്തിൽ ചാക്യാരുടെ വേഷം എന്ത്?
5. കൂത്ത് അരങ്ങേറുന്നത് എവിടെയാണ്?

************************************************************